# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

കാലാവസ്ഥാ വ്യതിയാനം മൂലം കേരളം മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ലാത്തവിധമുള്ള പ്രളയദുരന്തം ഏറ്റുവാങ്ങിയിട്ട് ഇപ്പോൾ പതിനൊന്ന് മാസങ്ങൾ പിന്നിട്ടിരിക്കുകയാണ്. അതിനെത്തുടർന്ന് നവകേരളനിർമ്മിതിയെക്കുറിച്ചുള്ള വാഗ്ദാനങ്ങൾ സർക്കാർ പ്രഖ്യാപിച്ചെങ്കിലും ആ വാഗ്ദാനം എത്രത്തോളം നിറവേറി എന്ന കാര്യത്തിൽ പൊതുസമൂഹത്തിന് ആകമാനം സംശയവും ആശങ്കകളുമുണ്ട്. കേരളം പ്രളയത്തിൽ തകർന്നടിഞ്ഞപ്പോൾ നാശത്തിന്റെ അവശിഷ്ടങ്ങളുടെ മധ്യത്തിൽ പമ്പയുടെ തീരങ്ങളിൽ വിശിഷ്യാ ചെങ്ങന്നൂർ-വെണ്മണി പ്രദേശങ്ങളിലുള്ള ജനങ്ങൾ ഭീതിയുടെ കയങ്ങളിലേക്ക് വീണുപോയപ്പോൾ പുനരുദ്ധാരണത്തിന്റെ വാഗ്ദാനങ്ങളുമായി സർക്കാർ രംഗത്ത് വരികയും ആ വാഗ്ദാനങ്ങളിൽ ജനം പ്രതീക്ഷയർപ്പിച്ചതു മൂലം ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിൽ അതിന്റെ ഫലം പ്രകടമാകുകയും ചെയ്തു. എന്നാൽ വാഗ്ദാനങ്ങൾ വാഗ്ദാനങ്ങളായിമാത്രം നിൽക്കുന്ന കാഴ്ച നേരറിവായി തിരിച്ചറിഞ്ഞ കേരളജനതയുടെ പ്രതികരണംകൂടിയാണ് സമീപകാലത്ത് നടന്ന തെരഞ്ഞെടുപ്പിൽ ദൃശ്യമായത് എന്ന് എല്ലാവരും തിരിച്ചറിയണം. കോടിക്കണക്കിന് രൂപാ പ്രളയദുരിതാശ്വാസ ഫണ്ടിലേക്ക് അനേകം മുഖാന്തരങ്ങളിലൂടെ വന്നുവെങ്കിലും പുനരധിവാസ പ്രവർത്തനങ്ങളിൽ അവയൊന്നും ഉപയോഗിച്ചു കാണാത്ത അവസ്ഥയും കേരളജനത തിരിച്ചറിഞ്ഞു. അടിയന്തരമായി ചെയ്യേണ്ടിയിരുന്ന പുനരധിവാസ പ്രവർത്തനങ്ങൾ മാറ്റിനിർത്തി ഗവ. ഓഫീസുകൾ മോടി പിടിപ്പിക്കാനും മറ്റുമായി ശ്രദ്ധ ചെലുത്തിയത് ഒട്ടും അഭികാമ്യമല്ല. കേരളം ഏറ്റവും വലിയ പ്രളയ ദുരന്തത്തെ അഭിമുഖീകരിച്ചതിന്റെ ഒന്നാം വാർഷികത്തോടടുക്കുന്ന ഈ സന്ദർഭത്തിലെങ്കിലും പ്രഖ്യാപിത വാഗ്ദാനങ്ങൾ നടപ്പിൽ വരുത്തുവാനുള്ള പ്രതിബദ്ധതയും ജാഗ്രതയും സർക്കാരിന്റെ ഭാഗത്തുനിന്നും നിശ്ചയമായും ഉണ്ടാവേണ്ടതാണ് എന്ന് ഓർമ്മിപ്പിക്കട്ടെ. അടുത്ത സമയത്ത് കേരളതീരത്ത് നിന്നാരംഭിച്ച 'വായു' എന്ന കൊടുങ്കാറ്റ് ദിശ മാറി കടന്നുപോയത് ആശങ്കാകുലരായിരുന്ന കേരളജനതക്ക് വലിയ ആശ്വാസവും വിടുതലുമാണ് നൽകിയത്. ദൈവകൃപയുടെ വ്യാപാരത്തെ ഓർത്ത് ദൈവത്തിന് സ്തോത്രം കരേറ്റാം. ആയത് കേരളം ഒഴിഞ്ഞുമാറിപ്പോയെങ്കിലും സമീപേയുള്ള ചില സംസ്ഥാനങ്ങളിലെങ്കിലും ആശങ്കകളുളവാക്കിയെന്നത് ഒരു യാഥാർത്ഥ്യമാണെങ്കിലും വലിയ ദുരന്തങ്ങൾ സംഭവിക്കാതെ ആ കൊടുങ്കാറ്റ് മാറിപ്പോയത് എല്ലാവർക്കും നൽകിയത് വലിയ ഒരു ആശ്വാസമാണ്.

ലോക്സഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം കേരളത്തിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന ചില പ്രവണതകൾ വളരെ നിർഭാഗ്യകരമാണ്. ആന്തൂർ സംഭവം കേരളത്തെ മുഴുവൻ വേദനിപ്പിച്ച ഒരു സംഭവമത്രെ. കപടവാഗ്ദാനങ്ങൾ നല്കിയും ഭീഷണിപ്പെടുത്തിയും സ്ത്രീകളോടും കുഞ്ഞുങ്ങളോടും പ്രായംചെന്ന പുരുഷന്മാരോടും ദൈവനീതിക്ക് നിരക്കാത്ത വിധത്തിലുള്ള സമീപനങ്ങൾ പുലർത്തുന്നത് ഹൃദയഭേദകമാണ്. എന്ത് കാട്ടിക്കൂട്ടിയാലും അതിന് അനുകൂലമായി കാരണങ്ങൾ അവതരിപ്പിച്ച് ന്യായീകരണങ്ങൾ നടത്തുന്നതും അപലപനീയമാണ്. അതുപോലെതന്നെ കേരളാ കാൺഗ്രസിൽ ഉണ്ടായ അധികാരവടംവലി ആ പാർട്ടിയെതന്നെ തകർക്കുന്ന വിധത്തിൽ പരിണമിച്ചുകൊണ്ടിരിക്കുന്നതാണ് കേരളജനത കണ്ടുകൊണ്ടിരിക്കുന്നത്. ബഹുമാന്യരും മുതിർന്നവരുമായ നേതാക്കൾക്ക് അവസരം കൊടുക്കാതെ കുടുംബാവകാശംപോലെ അധികാരം പിടിച്ചെടുക്കാൻ ശ്രമിക്കുന്നത് അഭിലഷണീയമായ ഒരു കാര്യമല്ല. ഒരു കാലത്ത് കേരളാ നിയമസഭയിൽ കേരളാ കോൺഗ്രസിന് 23 അംഗങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് പിളർന്ന് പിളർന്ന് പല ഭാഗങ്ങളായി ചില വിഭാഗക്കാർക്ക് ഒരു എംഎൽഎ പോലും ഇല്ലാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ വന്നെത്തിയിരിക്കുകയാണ്. ചരിത്രാവബോധത്തോടുകൂടി ക്ഷണികവും സ്വാർത്ഥപരവുമായ നേട്ടങ്ങൾക്കുപരിയായി ജനാധിപത്യ മൂല്യങ്ങളെ മുൻ നിർത്തി പ്രവർത്തിക്കുവാനുള്ള വിവേകം രാഷ്ട്രീയപാർട്ടികൾക്ക് ഉണ്ടാവേണ്ടത് അനിവാര്യമത്രെ.

ഈ സംവത്സരം 34 പേർ വൈദീക വിദ്യാഭ്യാസം പൂർത്തിയാക്കി വൈദീക സെലക്ഷൻ കമ്മറ്റിയുടെ അംഗീകാരം നേടി ശെമ്മാശന്മാരായി പട്ടം കെട്ടപ്പെട്ടു. ഈ പ്രിയപ്പെട്ടവരെ കർത്താവിന്റെ ശരീരമായ സഭയുടെ വലിയ ശുശ്രൂഷയ്ക്കായി ഒരുക്കിയ മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും ഇടവകകളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. നിയോഗിക്കപ്പെടുന്ന സ്ഥാനങ്ങളിൽ നിസ്തുല്യമായ ശുശ്രൂഷകൾ നിർവ്വഹിക്കുവാനുള്ള ശേഷി വലിയവനായ ദൈവം ഇവർക്ക് നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ സംവത്സരത്തിൽ ശുശ്രൂഷയിൽനിന്ന് വിരമിച്ച പട്ടക്കാരിലൂടെ സഭയ്ക്ക് ലഭിച്ച ശ്രേഷ്ഠമായ ശുശ്രൂഷകൾക്കായും അനുഭവങ്ങൾക്കായും നല്ല ഫലങ്ങൾക്കായും ദൈവത്തെ സ്തുതിക്കുന്നു. സജീവ സേവനത്തിൽനിന്ന് വിരമിച്ചുവെങ്കിലും ജീവിതത്തിന്റെ അന്ത്യംവരെയും കർത്താവിനോടൊപ്പം കർത്താവിന്റെ വലിയ ശുശ്രൂഷയിലായിരിപ്പാൻ ദൈവം ഈ ബഹുമാന്യരായ വൈദീകശ്രേഷ്ഠരെ ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഓഗസ്റ്റ് 15-ാം തീയതിക്കകം പുതിയതായി പട്ടം ഏൽക്കുന്നവരെ വിവിധ ഇടങ്ങളിലേക്ക് ശുശ്രൂഷയ്ക്കായി നിയോഗിക്കാമെന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞ നാളുകളിൽ വിവിധ കാരണങ്ങളാൽ ശിക്ഷണനടപടികൾക്ക് വിധേയരായ അഞ്ചു പട്ടക്കാർ തങ്ങളുടെ കഴിഞ്ഞകാല പ്രവർത്തനത്തിൽ വന്നുപോയ ശിക്ഷണരാഹിത്യത്തിൽ തങ്ങൾക്കുള്ള അനുതാപം അറിയിച്ചതിനാൽ അവർക്ക് വീണ്ടും സഭാശുശ്രൂഷയിൽ ആയിരിപ്പാൻ ഒരു അവസരം കൂടി നൽകുവാൻ എപ്പിസ്കോപ്പൽ സിനഡ് അനുമതി നൽകിയിട്ടുണ്ട്. സാങ്കേതികമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കപ്പെട്ടശേഷം ഈ പട്ടക്കാർക്ക് ശുശ്രൂഷയിലേക്ക് പ്രവേശിക്കാവുന്നതാണ്. മാറ്റിനിർത്തപ്പെട്ട കാലഘട്ടം സേവനവ്യവസ്ഥകളിൻ പ്രകാരം സർവ്വീസ് ബ്രേക്കായി കണക്കാക്കുന്നതാണ്. തെറ്റുചെയ്തവരെ ശിക്ഷിക്കുക, അനുതപിക്കുന്നവരെ കൈക്കൊള്ളുക എന്ന പ്രമാണമാണ് സഭാഭരണഘടന അനുശാസിക്കുന്നതും ക്രൈസ്തവമൂല്യങ്ങളുടെ അടിസ്ഥാനവും. കർത്താവുതന്നെയും മരണനാഴികയിൽപോലും അനുതപിച്ച കുറ്റവാളിയോട് ക്ഷമിച്ച സംഭവം കൃപയുടെ ഒരു പ്രഖ്യാ

പനം അത്രേ. എന്നാൽ കൃപയുടെ അനുഭവത്തെ ദുരുപയോഗപ്പെടുത്തുന്നവർ ആദിമസഭയിലും ഉണ്ടായിരുന്നു എന്നതും ഒരു യാഥാർത്ഥ്യമത്രെ. അപ്പോസ്തലനായ വിശുദ്ധ പൗലോസ് റോമിലെ സഭയ്ക്കു നൽകിയ പ്രബോധനം എന്നും അനുസ്മരിക്കേണ്ടതത്രെ. "ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിന് പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരുനാളും അരുത്". (റോമർ 6:1)

ജൂൺമാസത്തിന്റെ ആരംഭത്തിൽ മൈസൂർ സെന്റ് തോമസ് സ്കൂളിന്റെ പുതിയ ബ്ലോക്കിന്റെ കൂദാശ നിർവ്വഹിച്ചത് ഹൃദ്യവും നിർവൃതിദായകവുമായ ഒരു അനുഭവമായിരുന്നു. കാലംചെയ്ത മാത്യൂസ് തിരുമേനിയുടെ പ്രേരണയിലും ഉൾപ്രേരണയിലും രൂപംകൊണ്ട മൈസൂർ സെന്റ് തോമസ് സ്കൂൾ ഒരു കുട്ടിയുമായി ആരംഭിച്ച സ്കൂളായിരുന്നു. എന്നാൽ ഇന്ന് മൂവായിരത്തോളം കുട്ടികൾ പഠിക്കുന്ന സഭയുടെ അഭിമാനമായ ഒരു സീനിയർ സെക്കണ്ടറി സ്കൂളായി വളർന്നിരിക്കുന്നു എന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ജൂൺ 7-ാം തീയതിയാണ് സീനിയർ സെക്കണ്ടറി ബ്ലോക്കിന്റെ കൂദാശ നിർവ്വഹിച്ചത്. 1899 ജൂൺ 7-ാം തീയതി ജാതനായ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ 121-ാം ജന്മദിനത്തിലാണ് കൂദാശ നിർവ്വഹിക്കപ്പെട്ടത് എന്നതും അവിസ്മരണീയമായ ഒരു അനുഭവമത്രെ. നമ്മുടെ വാളകം മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ ബിൽഡിംഗിന്റെ കൂദാശ കർമ്മം ജൂൺ 24-ാം തീയതി നിർവ്വഹിച്ചു. അമ്പതുലക്ഷം രൂപാ ചെലവഴിച്ച് നിർമ്മിച്ച പുതിയ ബിൽഡിംഗിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സ്കൂൾ ചുമതലക്കാരുടെയും മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെയും തദ്ദേശീയരായ പൊതുജനങ്ങളുടെയും നിർലോഭമായ സഹകരണത്തിനായി പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു. കേരളത്തിൽ മൂന്ന് സിബിഎസ്ഇ സ്കൂളുകൾക്ക് എൻഒസി ലഭിച്ച കൂട്ടത്തിൽ ഒന്നാമതായി തെരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ കവിയൂർ സിബിഎസ്ഇ സ്കൂളാണ് എന്നത് അഭിമാനകരമത്രെ. ജൂൺ 22-ാം തീയതി തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ ഡിഎസ്എംസിയുടെ ആഭിമുഖ്യത്തിൽ നടന്ന ദിവ്യസംഗീത സന്ധ്യ വളരെ ഹൃദ്യമായിരുന്നു. നമ്മുടെ സൺഡേസ്കൂൾ സംഗീത മത്സര വിജയികളായ കുഞ്ഞുങ്ങളുടെ ഹൃദ്യമായ ഗാനങ്ങൾ, മധുരമായ സ്വരം എന്നിവയെല്ലാം ഉൾച്ചേർന്ന സംഗീതവിരുന്ന് ഹൃദയസ്പർശിയായിരുന്നു. ആർത്താട്ട് മാർത്തോമ്മാ പള്ളിയുടെ ഗായകസംഘം സുറിയാനി സംഗീതത്തിന്റെ മാധുര്യം പകർന്നുനൽകുന്ന ഗാനങ്ങൾ ആലപിക്കുകയുണ്ടായി. 'ആർദ്രമതെ' എന്ന് ആരംഭിക്കുന്ന നമ്മുടെ ശുശ്രൂഷാക്രമത്തിലുള്ള ഗീതം എട്ട് നിറങ്ങളിൽ പാടിയ അവസരം സുറിയാനി സംഗീതത്തിന്റെ ദിവ്യമാസ്മരിക ഭാവങ്ങൾ വെളിപ്പെടുത്തുന്നതായിരുന്നു. ഇപ്രകാരമൊരു സംഗീത വിരുന്ന് ക്രമീകരിച്ച ഡിഎസ്എംസിയെ പ്രത്യേകം അഭിനന്ദിക്കുന്നു. റാന്നി ഭദ്രാസനത്തിന്റെ ചുമതലയിലുള്ള ഇടക്കുളം ബിഎഡ് കോളേജിന്റെ സിൽവർ ജൂബിലി ജൂൺ 28ന് ഉദ്ഘാടനം ചെയ്തു. ജൂൺ 29-ാം തീയതി, മക്കളുടെ ആകസ്മികമായ നിര്യാണം ഉളവാക്കിയ വേദനയിലും തളർന്നുപോകാതെ അവരുടെ സ്മരണയെ നിലനിർത്തുന്ന വിധത്തിലും സമൂഹത്തിന് അനുഗ്രഹം പകരുന്ന വിധത്തിലും പ്രഗത്ഭ സുവിശേഷ പ്രസംഗകനായിരുന്ന യശ്ശഃശരീരനായ ഡോ. പി.പി. ജോബ് കോയമ്പത്തൂരിൽ ആരംഭിച്ച സ്കൂളിന്റെ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമുച്ചയം ഒരു വലിയ വിദ്യാഭ്യാസ കേന്ദ്രമായി കോയമ്പത്തൂരിൽ പരിലസിക്കുന്നു. അദ്ദേഹത്തിന്റെ സഹധർമ്മിണി ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽനോട്ടം വളരെ അനുഗൃഹീതമായി നിർവ്വഹിച്ചുവരുന്നു. അതിനാവശ്യമായ ദൈവകൃപ പകരപ്പെടുന്നതോർത്ത് ദൈവത്തെ സ്തുതിക്കാം. യാക്കോബിന്റെ തക്സായിൽ പറയുന്നതുപോലെ ദൈവം ഇഷ്ടപ്പെടുന്ന സമയത്തും സ്ഥലത്തും വിധത്തിലും തന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിലേക്ക് ഡോ. പി.പി. ജോബിനെയും ചേർത്തു എന്ന് നമുക്ക് സ്മരിക്കാവുന്നതാണ്.

മാർത്തോമ്മാ സഭാ ലഹരി വിമോചന സമിതിയുടെ ആഭിമുഖ്യത്തിലുള്ള ലഹരിവിരുദ്ധ ദിനാചരണ പരിപാടികൾ 2019 ജൂൺ 26-ാം തീയതി ബുധനാഴ്ച തിരുവല്ല എസ്‌സിഎസ് ഹയർസെക്കണ്ടറി സ്കൂളിൽ നാം നിർവ്വഹിക്കുകയുണ്ടായി. അതോടനുബന്ധിച്ച് ലഹരിവിരുദ്ധ എക്സിബിഷനും ബോധവല്ക്കരണക്ലാസുകളും നടത്തുകയുണ്ടായി.

നമ്മുടെ സഭയിലെ ഒരു പട്ടക്കാരനായിരുന്ന റവ. റ്റി.സി. ജോൺ (71), പെണ്ണൂക്കര ഒരു അപകടം ഉണ്ടായതിനെ തുടർന്നുണ്ടായ ക്ഷതം മൂലം കഴിഞ്ഞദിവസം കർതൃസന്നിധിയിലേക്ക് വിളിച്ചുചേർക്കപ്പെട്ടു. അച്ചന്റെ സൗമ്യസാന്ദ്രവും അനുഗൃഹീതവുമായ സഹിത്വം സഹപട്ടക്കാരും അച്ചന്റെ ധന്യമായ ശുശ്രൂഷകൾ ഏറ്റുവാങ്ങുവാൻ അവസരം ലഭിച്ചിട്ടുള്ള ഇടവകക്കാരും എന്നും സ്മരിക്കുകതന്നെ ചെയ്യും. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളോടുള്ള സഭയുടെ അനുശോചനം അറിയിക്കുന്നു.

യാക്കോബ് പറഞ്ഞതുപോലെ 'എന്റെ ജനനം മുതൽ ഇന്നുവരെ എന്നെ കാത്തുപരിപാലിക്കുന്ന ദൈവത്തിന് മഹത്വമുണ്ടാകട്ടെ' എന്ന അനുഭവ സാക്ഷ്യത്തോടുകൂടി 89-ാം ജന്മദിനത്തിലേക്ക് നാം ജൂൺ 27-ാം തീയതി പ്രവേശിച്ചിരിക്കുകയാണ്. 2008 മുതൽ എനിക്കുണ്ടായ ശാരീരികമായ ക്ഷീണതയുടെ മധ്യത്തിലും തളർന്നുപോകാതെ ധൈര്യവും ബലവും നൽകി സഭ ഭരമേല്പിച്ച ചുമതലകൾ വിശ്വസ്തതോയെട നിർവ്വഹിപ്പാൻ കൃപ പകർന്ന വലിയവനായ ദൈവത്തിന് സ്തോത്രം. 1975 ഫെബ്രുവരി 7-ാം തീയതി രാത്രി നമ്മെ സംബന്ധിച്ചിടത്തോളം എപ്പിസ്കോപ്പൽ സ്ഥാനാഭിഷേകത്തിന്റെ തലേരാത്രി ആയിരുന്നു. യൂഹാനോൻ തിരുമേനി ആ രാത്രിയിൽ പൂലാത്തീനിലേക്ക് വിളിച്ച് നമുക്ക് ഒരു കടലാസിൽ എഴുതി നൽകിയ പ്രബോധനം നമ്മെ സംബന്ധിച്ചിടത്തോളം അക്ഷരംപ്രതി നിവൃത്തിയായിക്കൊണ്ടിരിക്കുന്ന ഒരു പ്രവചനം പോലെയാണ് ഇന്നും നാം പരിഗണിക്കുന്നത്. തിരുമേനി എഴുതിത്തന്നതിന്റെ പൊരുൾ ഇതായിരുന്നു – 'ഭ്രാന്തു പിടിപ്പിക്കുന്ന സാഹചര്യങ്ങളിലേക്ക് ഇറങ്ങുവാൻ തയ്യാറായിക്കൊള്ളുക. കാറ്റിനാലും കോളിനാലും അന്തരീക്ഷം മുഖരിതമായിരിക്കും. എന്നാൽ ഒരിടത്ത് ഉറച്ചുനിന്ന് ദൈവം നല്ലവനെന്ന് രുചിച്ചറിഞ്ഞ് അനുദിനം മുന്നോട്ടുപോകുക'. ചാർച്ചയിൽ എന്റെ ജ്യേഷ്ഠനും മലങ്കരസഭയുടെ അധിപനുമായിരുന്ന തിരുമേനിയുടെ ആ ആശംസ ഇന്നും നമ്മുടെ ജീവിതത്തിൽ അന്വർത്ഥമായിക്കൊണ്ടിരിക്കുന്നു. കാലം ചെയ്ത മോറോൻ മാർ ബസേലിയോസ് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ അന്ന് നൽകിയ ആശംസ ഇന്നും ഞാനോർക്കുന്നു. തിരുമേനി പറഞ്ഞു – 'മാർത്തോമ്മാ സഭയിൽ ഒരു എപ്പിസ്കോപ്പയായി നിയോഗിക്കപ്പെടുന്നതിൽ ഞാൻ സന്തോഷിക്കുന്നു. എന്നാൽ എന്റെ സഹതാപം ഞാൻ അറിയിക്കുന്നു'. എന്നാൽ പ്രതിസന്ധികളുടെയും പ്രതികൂലതകളുടെ മദ്ധ്യത്തിൽ എന്നെ അറിയുന്ന എന്റെ ദൈവം സംഘർഷങ്ങളുടെ മധ്യത്തിലും തളർന്നുപോകാതെ കൂടുതൽ കരുത്ത് പകർന്ന് മുന്നോട്ടുപോകുവാൻ എന്റെ കരം പിടിച്ചിരിക്കുന്നുവെന്ന ഉറപ്പാണ് എന്റെ ഏറ്റവും വലിയ ബലം. അനേകായിരങ്ങളുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണ്, ചിലരുടെയെല്ലാം അധിക്ഷേപങ്ങളെ അതിജീവിച്ചും മുന്നോട്ടുപോകുവാൻ നമുക്ക് സാധിക്കുന്നത് എന്ന് നിസംശയം പറയാൻ കഴിയും ജൂൺ 13 മുതൽ 16 വരെയുള്ള തീയതികളിൽ വെല്ലൂരിൽ ഒരു മെഡിക്കൽ ചെക്കപ്പിനായി പോയപ്പോൾ ഡോക്ടേഴ്സ് പറഞ്ഞത് 2008-ൽ ശാരീരികമായ ക്ഷീണം വരുന്നതിന് മുമ്പുള്ള പൂർണ്ണ ആരോഗ്യസ്ഥിതിയിലേക്ക്

ഇപ്പോൾ വന്നെത്തിയിരിക്കുന്നു എന്നാണ്. ദൈവം നൽകുന്ന ആയുസ് കർത്താവിനോടുകൂടെ ചേർന്ന് ശുശ്രൂഷകൾ നിർവ്വഹിച്ച് മുന്നോട്ടുപോകുവാൻ തുടർന്നും എല്ലാവരുടെയും പ്രാർത്ഥനകൾ ഉണ്ടാകണമെന്ന് താല്പര്യപ്പെടുന്നു. ജൂൺ 26-ാം തീയതി തിരുവല്ലാ എക്യൂമെനിക്കൽ സൗഹൃദവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന ജന്മദിന ആശംസാ സമ്മേളനം വളരെ ഹൃദ്യമായ അനുഭവമായിരുന്നു. കേരളത്തിന്റെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്ത ആ സമ്മേളനത്തിൽ നിരവധി ജനപ്രതിനിധികളും സഭാ മേലദ്ധ്യക്ഷന്മാരും നമ്മുടെ സഭയിലെ തിരുമേനിമാരും ഉൾപ്പെടെ അനേകർ പങ്കെടുത്ത് ആശംസകളും പ്രാർത്ഥനകളും നേർന്നത് ധന്യമായ ഒരു അനുഭവമായിരുന്നു. മികവോടുകൂടി ഇപ്രകാരം ഒരു സൗഹൃദസമ്മേളനം ക്രമീകരിച്ച സംഘാടകരോടുള്ള സന്തോഷം അഭിനന്ദിക്കുന്നു. ജൂൺ 27-ാം തീയതി തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നാം വിശുദ്ധ കുർബ്ബാന അനുഷ്ഠിച്ചു. തുടർന്ന് സഭയായി ജന്മദിന ആശംസകൾ നേരുകയുണ്ടായി. എല്ലാറ്റിലും വ്യാപരിച്ച ദൈവകൃപയ്ക്കായി സ്തോത്രം.

ജൂലൈമാസം ആരംഭിക്കുന്നത് മാർത്തോമ്മാ ശ്ലീഹായെക്കുറിച്ചുള്ള അനുസ്മരണത്തോടുകൂടിയാണ്. 'എനിക്കു കണ്ടാൽപോര, കേട്ടാൽ പോര, എന്നെ സ്പർശിച്ചാലും ഞാൻ സ്പർശിച്ചാലുംപോര, എനിക്ക് എന്റെ പരീക്ഷണങ്ങളിലൂടെ ഉയർപ്പിന്റെ യാഥാർത്ഥ്യം ഗ്രഹിച്ചെങ്കിൽ മാത്രമേ ക്രിസ്തു ഉയർത്തെഴുന്നേറ്റു എന്ന് ഞാൻ അംഗീകരിക്കുകയുള്ളൂ' എന്ന മനോഭാവത്തോടെയുള്ള തോമസിന്റെ സമീപനത്തിന് കർത്താവ് അപ്പോൾ ഉടനെ മറുപടി നൽകിയില്ല. ഇതുപോലെ ഉടനടി മറുപടി കിട്ടണമെന്ന് നാം ആഗ്രഹിക്കുന്ന പ്രാർത്ഥനകൾക്ക് കർത്താവ് ഉടനെ മറുപടി നൽകണമെന്നില്ല എന്ന യാഥാർത്ഥ്യം നാം ഗ്രഹിക്കേണ്ടതാണ്. എന്നാൽ കൂട്ടം വിട്ട് ജനമദ്ധ്യത്തിലേയ്ക്ക് പോയി ക്രിസ്തുവിന്റെ മരണത്തെത്തുടർന്നുള്ള ജനങ്ങളുടെ പ്രതികരണം അന്വേഷിച്ച് പോയ തോമസ് പത്തുപേരുള്ള കൂട്ടത്തിലേക്ക് വീണ്ടും വരുമ്പോഴാണ് യേശു അവന് പ്രത്യക്ഷനാവുന്നത്. എന്നാൽ യുക്തിയുടെയും ബുദ്ധിയുടെയും വഴിയിലൂടെ ഉയർപ്പിന്റെ യാഥാർത്ഥ്യം ഗ്രഹിക്കാൻ ശ്രമിച്ച തോമസ് വീണ്ടും ശിഷ്യന്മാരുടെ കൂട്ടത്തിലേക്ക് തിരികെ വന്നുകഴിയുമ്പോൾ കർത്താവ് പ്രത്യക്ഷനാകുമ്പോൾ തോമസ് അവന്റെ പരീക്ഷണങ്ങളിലേക്ക് ഒന്നും കടക്കാതെ 'എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ' എന്ന വിശ്വാസപ്രഖ്യാപനം നടത്തുകയത്രേ ചെയ്തത്. തോമസ് അപ്പോസ്തലന്റെ ആത്മാർത്ഥമായ വിശ്വാസമാണ് ഇവിടെ വെളിപ്പെടുന്നത്. ഈ വിശ്വാസമാണ് നമ്മളിൽനിന്നും കർത്താവ് പ്രതീക്ഷിക്കുന്നത്. ജൂലൈ 7-ാം തീയതി ഞായറാഴ്ച ദശാംശസമർപ്പണ ഞായറാണ്. ഒരു വിധവ തനിക്കുള്ള ആകെ സമ്പാദ്യമായ രണ്ടു കാശ് ദേവാലയത്തിൽ സമർപ്പിക്കുമ്പോൾ യേശു അതിനെ അംഗീകരിച്ച് ആദരിക്കുകയാണ് ചെയ്യുന്നത്. അവൾ ദേവാലയത്തിൽ വന്നത് സ്ഥാനമാനങ്ങൾക്കുവേണ്ടിയോ മറ്റ് എന്തെങ്കിലും സ്വാർത്ഥ താല്പര്യങ്ങൾ നേടുവാനോ വേണ്ടിയായിരുന്നില്ല. ആ സ്ത്രീ ദേവാലയത്തിൽ വന്നത് തന്നെത്തന്നെ സമർപ്പിക്കുവാനാണ്, തനിക്കുള്ളതെല്ലാം സമർപ്പിക്കുവാനാണ്. ഇല്ലായ്മകളെക്കുറിച്ച് പരിഭവം പറയാതെ ഉള്ളതു ദൈവത്തിനു നൽകിയ ആ സ്ത്രീയുടെ സമർപ്പണം എല്ലാവർക്കും ഒരു മാതൃകയാണ്. ജൂലൈ 14 ഞായറാഴ്ച 'ക്രിസ്തുവിനുവേണ്ടി നിന്ദ സഹിക്കുവാൻ ക്ഷണിക്കപ്പെട്ടവർ' എന്ന ചിന്താവിഷയം ധ്യാനിക്കുന്നു. പട്ടക്കാരുടെ ശുശ്രൂഷയെ അനുസ്മരിക്കുന്ന ദിനമാണന്ന്. 70 പേരെ പലയിടങ്ങളിലേക്ക് സുവിശേഷവേലയ്ക്കായി കർത്താവ് നിയോഗിക്കുന്ന ഭാഗമാണ് അന്നത്തെ ധ്യാനഭാഗം. സാക്ഷ്യത്തിന്റെ സുവിശേഷം നിർവഹിക്കുവാനാണ് കർത്താവ് അവരെ അയച്ചത്. ഇന്നും നമ്മുടെ പട്ടത്വശുശ്രൂഷ ക്രൈസ്തവ സാക്ഷ്യത്തിന്റെ ഉദാത്ത മാതൃകയാകേണ്ടതാണ്. ജൂലൈ 21 ഞായറാഴ്ച 'വിശ്വാസികളെ രൂപപ്പെടുത്തുന്ന ദൈവശാസ്ത്ര അഭ്യസനം' എന്ന ചിന്താവിഷയം ധ്യാനിക്കുന്നു. വിതയ്ക്കുന്നവന്റെ ഉപമയാണ് അന്നത്തെ ധ്യാനഭാഗം. ചില വിത്തുകൾ വഴിയരികിൽ വീഴുന്നു. അവ പറവകൾ കൊത്തിക്കൊണ്ടുപോകുന്നു. ഇന്നും അശ്രദ്ധയോടുകൂടിയാണ് നാം വചനം കേൾക്കുന്നതെങ്കിൽ നമ്മുടെ മനസിൽനിന്നും ആ വചനം അപഹരിക്കപ്പെടും. പറവകൾ കൊത്തിക്കൊണ്ടുപോകുന്നത് ഒരു പക്ഷേ അതിന്റെ ഭക്ഷണമായേക്കാം അല്ലെങ്കിൽ എവിടെയെങ്കിലും ഉപേക്ഷിക്കപ്പെട്ടേക്കാം. എന്നാൽ ആ വിത്തിൽനിന്നും മുപ്പതും അറുപതും നൂറും മേനി വിളവ് ഒരിക്കലും ഉണ്ടാവുകയില്ല. മുള്ളുകൾക്കിടയിൽ വീഴുന്നത് മുള്ളുകളുടെ സമ്മർദ്ദം മൂലം ഞെരുക്കപ്പെട്ട അവസ്ഥയിൽ ഇല്ലാതായിതീർന്നുവെന്നു വരാം. ഇന്നും നമ്മുടെ ചിന്തകളെ ഞെരുക്കിക്കളയുന്ന നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള എത്രയോ മുള്ളുകളാണ് നമ്മുടെ സമൂഹത്തിലുള്ളത്. പാറമേൽ വീണ വിത്ത് വേരിറങ്ങാൻ സാധ്യതയില്ലാത്തതിനാൽ ഉണങ്ങിപ്പോകുന്ന അവസ്ഥയിലായിത്തീരും. വേരില്ലാത്ത വിശ്വാസത്തിനും ഇതുതന്നെ സംഭവിക്കാം. എന്നാൽ നല്ല നിലത്ത് വീണ വിത്ത് അത് വളരെ ഫലം നൽകും. വിശുദ്ധ കന്യകമറിയം യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള ദൂതന്റെ അറിയിപ്പ് കേൾക്കുമ്പോൾ 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ' എന്ന് പറഞ്ഞത് നല്ല നിലത്തുവീണ വിത്തിന്റെ ഏറ്റവും നല്ല പ്രതികരണമാണ്. ആ മറിയയുടെ മകനാണ് ഗത്സെമനയിൽ 'എന്റെ ഹിതമല്ല നിന്റെ ഹിതം നിറവേറട്ടെ' എന്ന് പ്രാർത്ഥിച്ചത്. നല്ല നിലത്തുവീണ വിത്തുപോലെ നമ്മുടെ പ്രാർത്ഥനാനിർഭരമായ മനസ്സുകളിൽ ദൈവവചനം വന്നു സ്പർശിക്കുമ്പോൾ. ഇതുപോലെ ശ്രേഷ്ഠമായ സാക്ഷ്യം നിർവഹിപ്പാൻ നമുക്കും കഴിയും. ജൂലൈ 28-ാം തീയതി ഞായറാഴ്ച വിശുദ്ധ വിവാഹത്തെക്കുറിച്ചാണ് നാം ധ്യാനിക്കുന്നത്. വിവാഹം രണ്ടു വ്യക്തികൾ തമ്മിലുള്ള ഉടമ്പടിയോ ഉഭയസമ്മതമോ ആകർഷണമോ അല്ല എന്നു നാം മനസ്സിലാക്കണം. ദൈവസന്നിധിയിൽ, ജീവിതാവസാനം വരെ ഒന്നായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ടാണ് വരനും വധുവും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. കർത്താവ് യോജിപ്പിക്കുന്ന ശുശ്രൂഷയാണ് വിവാഹം. വിവാഹശുശ്രൂഷ നടത്തുന്ന കാർമ്മീകരാണ് യോജിപ്പിക്കുന്നത് എന്ന പാശ്ചാത്യ വിശ്വാസം നമ്മുടെ സഭയ്ക്കില്ല. എന്നാൽ ഇന്ന് വിവാഹ ജീവിതത്തിന്റെ പവിത്രത പലപ്പോഴും നഷ്ടപ്പെടുന്നതിന്റെ സംഭവങ്ങളും സമൂഹത്തിൽ കാണുന്നുണ്ട്. അടുത്ത സമയത്ത് നാലുവിവാഹം കഴിച്ച് നാലു പ്രാവശ്യം വിവാഹമോചനം നേടിയശേഷം അഞ്ചാമത് വിവാഹം കഴിക്കാനുള്ള അപേക്ഷയുമായി ഒരാൾ വന്ന സംഭവം ദുഃഖത്തോടുകൂടി ഓർക്കുന്നു. എന്നാൽ ദീർഘവർഷക്കാലം രോഗിയായി കിടന്ന ഭാര്യയെ ശുശ്രൂഷിച്ച്, ഭാര്യയുടെ മരണശേഷവും രോഗിയായി കിടന്ന ഭാര്യമാതാവിനെ അവരുടെ മരണം വരെയും ആത്മാർത്ഥമായി ശുശ്രൂഷിച്ച ഒരു വ്യക്തിയുടെ മാതൃകയും കാണുവാൻ കഴിഞ്ഞു. ശ്രേഷ്ഠമായ ക്രിസ്തീയ കുടുംബജീവിത മാതൃക ഇതത്രെ. വിവാഹജീവിതത്തിന്റെ പവിത്രത കളങ്കപ്പെടാതെ ക്രിസ്തുവിൽ ഒരുമിച്ച് വസിച്ച്, ഒരുമിച്ച് ഫലം കായ്ക്കുന്ന ധന്യമായ അനുഭവത്തിലേയ്ക്ക് വളരുവാൻ ദൈവം സഹായിക്കട്ടെ.

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ



പുലാത്തീൻ,
29-06-2019

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**